## പതിമൂന്നാം കേരള നിയമസഭ

## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 342** — **08.02.2016-ൽ മറുപടിയ്ക്ക്**

## സുസ്ഥിര കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ടി. എൻ പ്രതാപൻ<br>ശ്രീ. വി.ഡി സതീശൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിന് സുസ്ഥിര കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നു :<br>i. പാരിസ്ഥിതിക വിഷയങ്ങളിൽ വിവര വിജ്ഞാനം വിപുലപ്പെടുത്താനായി സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിക്കുന്ന ഒരു വിജ്ഞാന വേദി, വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി രൂപപ്പെടുത്തുക.<br>ii. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സ്ഥിതി, ജൈവവൈവിധ്യം മുതലായവ രേഖപ്പെടുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, മറ്റു സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവരുടെ സഹായത്തോടെ ഒരു 'സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് ' പ്രസിദ്ധീകരിക്കുക. |
| (സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ? | (സി) സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് - 2015 തയ്യാറാക്കുന്നതിനായി 18.05.2015-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ(ആർ.റ്റി)69/2015/പരിസ്ഥിതി, പ്രകാരം, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാൻ ആയും, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം, ഡയറക്ടർ കൺവീനറായും ഒരു പത്തംഗ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. 13.07.2015-ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നം.99/2015/പരിസ്ഥിതി പ്രകാരം പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാനായി 15 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി. അതിൻ പ്രകാരം കോർഡിനേഷൻ കമ്മറ്റി പ്രവർത്തനം ആരംഭിക്കുകയും റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ 8/13/2015-E1 നമ്പർ കത്ത് |

പ്രകാരം സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് 2015 കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ പട്ടികയിലുള്ള വിദഗ്ധ സ്ഥാപനങ്ങൾ വഴി മാത്രമേ തയ്യാറാക്കാവൂ എന്ന് നിർദ്ദേശിച്ച സാഹചര്യത്തിൽ സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി അക്രഡിറ്റഡ് ഏജൻസി മുഖേന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോർഡിനേഷൻ കമ്മിറ്റി കൺവീനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായവും ലഭ്യമാണ്.

സെക്ഷൻ ഓഫീസർ